8288
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വിശപ്പുരഹിത നഗരം പദ്ധതി - 2015- 16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം.393/2015/സാനീവ.  തീയതി, തിരുവനന്തപുരം, 22.06.2015

====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 8.04.2015 ലെ 2387/എ 1/2011/കെ.എസ്. എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

ചില പ്രത്യേക സാഹചര്യങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്നവരിൽ (പ്രത്യേകിച്ച് ആശുപത്രികളിൽ പ്രവേശിക്കപ്പെട്ടിട്ടുള്ളവർ) ഒരു നേരത്തെ ഭക്ഷണത്തിനുപോലും നിവൃത്തിയില്ലാതെ വിശന്നിരിക്കുന്നവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വിശപ്പുരഹിത നഗരം പദ്ധതി. ടി പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015 - 16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1,90,00,000/- രൂപ കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 - ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്തുപ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും വിശപ്പുരഹിത നഗരം പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി ഭരണാനുമതിയും ഇതിനായി 2015-16 സാമ്പത്തിക വർഷം 2235-60-200-72(08)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,90,00,000/- രൂപ (ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ. ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ